"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഒന്നാം ഘട്ട പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി കരാർ പ്രകാരമുള്ള തുക, തൃശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും M/s ITI Palakkad Limited എന്ന സ്ഥാപനത്തിന് അനുവദിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.1181/2025/LSGD തീയതി,തിരുവനന്തപുരം, 14-05-2025

---

പരാമർശം:-
1. 19.02.2020-ലെ സ.ഉ.(സാധാ)429/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. 19.04.2022-ലെ സ.ഉ(കൈ)86/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
3. 08.06.2024 -ലെ M/s ITI Palakkad Limited Addl General Manager & Unit head-ന്റെ ITI/PKD/MKTG/2024/223 നമ്പർ കത്ത് .
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.03.2025 ലെ LSGD/PD/46968/2023- GEB4 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സി.സി.ടി.വി. സർവെയലൻസ് സിസ്റ്റം പൊതുജന പങ്കാളിത്തത്തോടു കൂടി നിയമാനുസൃതമായ നടപടിക്രമങ്ങൾ എല്ലാം പാലിച്ച് സ്ഥാപിക്കുന്നതിനുള്ള കോർപ്പറേഷന്റെ പദ്ധതിയ്ക്കു പ്രത്യേക അനുമതി പരാമർശം (1) പ്രകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. M/s ITI Palakkad Limited കരാറുടമ്പടി പ്രകാരം , ഒന്നാം ഘട്ടം 2021 സെപ്റ്റംബറിൽ പൂർത്തീകരിക്കുകയും 12% GST ഉൾപ്പടെ 1,53,98,960/- (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തിതൊണ്ണൂറ്റിഎട്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നാളിതുവരെ തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ നൽകിയിട്ടില്ലെന്നും ടി തുക നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (3) പ്രകാരം M/s ITI Palakkad Limited സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

(2) തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനു ആവശ്യമായ മുഴുവൻ തുകയും വ്യക്തികളിൽ

നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് നാലു ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്, **20/08/2020** ൽ **M/s ITI Palakkad Limited** മായി കരാർ ഒപ്പ് വെച്ചിരുന്നു. എന്നാൽ കോവിഡ് **19** ന്റെ അടിസ്ഥാനത്തിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം പൊതു ജനങ്ങളിൽ നിന്നും, വ്യാപാരികളിൽ നിന്നും വീണ്ടും തുക സമാഹരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായതിനെ തുടർന്ന് പൂർത്തീകരിച്ച ഭാഗത്തിനു കരാർ പ്രകാരമുള്ള തുക കോർപ്പറേഷൻ വഹിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ **02/06/2023** ൽ **31** ാം നമ്പറായി തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി നാലു ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നതെന്നും, **2021** സെപ്റ്റംബറിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചതിനു കരാർ പ്രകാരം **12% GST** ഉൾപ്പടെ **1,53,98,960.17/-** രൂപയുടെ ബിൽ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ടെന്നും, ഒന്നാംഘട്ടം പൂർത്തീകരിച്ച് പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(3)** പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് വിഭാഗം, പരിശോധന നടത്തിയതിൽ **60** ക്യാമറകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവ തൃശ്ശൂർ പോലീസ് ഇപ്പോഴും ഉപയോഗിച്ച് വരുന്നുണ്ട് ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നത് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ്. അതിന്റെ സർവൈലൻസ് റും സ്ഥിതി ചെയ്യുന്നത് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ കൺട്രോൾ റൂമിലാണ്. പോലീസ് ഡിപ്പാർട്ട്മെന്റ് കൂടി ഉൾപ്പെട്ട പദ്ധതിയായതിനാൽ പോലീസ് ക്യാമറകളുമായി ഓവർലാപ്പിങ്ങ് ഇല്ലാതെയാണ് അവ സ്ഥാപിച്ചിരിക്കുന്നതെന്നും സർക്കാർ അനുമതിയില്ലാത്തതിനാലും, പൊതുജനങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും തുക പൂർണ്ണമായി സമാഹരിക്കാൻ സാധിക്കാത്തതിനാലും തുക കൈമാറിയിട്ടില്ല. നിലവിൽ പദ്ധതിക്കായി തുടങ്ങിയ അക്കൗണ്ടിൽ **2,00,000/-** രൂപ നീക്കിയിരിപ്പുണ്ടെന്നും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതു പരാമർശിത **(1)** സർക്കാർ ഉത്തരവിനു വിരുദ്ധമായതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ പ്രത്യേക തീരുമാനം ആവശ്യമാണെന്നും തൃശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് സഹിതം തൃശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം നൽകിയിരുന്നു .

**(4)** പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖക്ക് പരാമർശം **(2)** പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ടി മാർഗ്ഗരേഖയിലെ ഖണ്ഡിക **8.1 (24)** പ്രകാരം, അനധികൃതമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി നഗരസഭകൾക്ക് വ്യാപാരി വ്യവസായികൾ, റെസിഡൻസ്

അസോസിയേഷന്നുകൾ, പ്രദേശവാസികൾ, പി.ടി.എ., **H.M.C.** എന്നിവരുടെ സഹായത്തോടെ പൊതുസ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(5) സർക്കാർ ഈക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും കോവിഡിന്റെ പശ്ചാത്തലത്തിലാണ് പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കാൻ സാധിക്കാതിരുന്നത് എന്ന വസ്തുത പരിഗണിച്ച്, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഒന്നാം ഘട്ട പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി കരാർ പ്രകാരമുള്ള **1,53,98,960/-** (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തിതൊണ്ണൂറ്റിഎട്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) രൂപ , ടി പദ്ധതിയ്ക്കായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നു തൃശൂർ മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നുള്ള നിബന്ധനയോടെ, പദ്ധതിക്കായി ആരംഭിച്ച അക്കൗണ്ടിൽ സമാഹരിച്ച തുക കിഴിച്ച് തൃശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും **M/s ITI Palakkad Limited** എന്ന സ്ഥാപനത്തിന് അനുവദിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
സെക്രട്ടറി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ, തൃശൂർ.
**M/s ITI Palakkad Limited** , പാലക്കാട് പ്ലാന്റ്,കഞ്ചിക്കോട് വെസ്റ്റ് , പാലക്കാട് ,**678-623.**
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് 11 ), കേരള, തിരുവനന്തപുരം.
ഡയറക്ടർ , ഐ &പി.ആർ .ഡി , തിരുവനന്തപുരം.
ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Shaija R M
Date: 14-05-2025 12:03:40

പകർപ്പ് :- .

തദ്ദേശസ്വയംഭരണെ വകപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.